# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2151** — **18.03.2015**- ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള പദ്ധതികൾ</u>

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.കെ.നാരായണൻ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പുതുതായി പ്രവർത്തന മാരംഭിച്ചതും സാമ്പത്തിക പരിമിതികൾ മൂലം പ്രവർത്തനം മന്ദഗതിയിലുമായ സഹകരണ സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ പ്രഖ്യാപിക്കാൻ ആലോചി ക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് പുതുതായി പ്രവർത്തനമാരംഭിച്ചതും സാമ്പത്തിക പരിമിതികൾ മൂലം പ്രവർത്തനം മന്ദഗതിയിലുമായ സഹകരണ സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആരംഭിക്കാൻ ആലോചിക്കുന്നില്ല. എന്നാൽ പ്രവർത്തന സാദ്ധ്യത യുള്ള അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ നിലവിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി അർഹമായ ധനസഹായം നൽകുന്നതാണ്. |
| ബി) പ്രാഥമിക പ്രവർത്തനങ്ങൾക്കായി ഗ്രാന്റോ പലിശ രഹിത വായ്പകളോ നൽകുന്നകാര്യം പരഗണിക്കുമോ: | (ബി) പരിഗണനയിലില്ല |
| സി) സംഘങ്ങളുടെ സാമ്പത്തിക സമാഹര ണത്തിന് സുതാര്യവും സുരക്ഷിതവുമായ മാർഗ്ഗ നിർദ്ദേശം നൽകുമോ: | (സി) മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ബൈലാ വ്യവസ്ഥകൾക്കനുസൃതമായി സംഘങ്ങൾക്ക് സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| ഡി) നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായുള്ള നിബന്ധനകൾ വ്യക്തമാക്കാമോ? | (ഡി) സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകളുടെയും സംഘം നിയമാവലി വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ ഉപ നിബന്ധനകൾക്ക് വിധേയമായി നിക്ഷേപങ്ങൾ സ്വീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**